പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 401 — 11.06.2013 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. വി. ഡി. സതീശൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ കോർപ്പറേഷനിലെ വിജിലൻസ് വിഭാഗം കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിലേയ്ക്ക് കോർപ്പറേഷനിലെ വിജിലൻസ് വിഭാഗം ഒരു കർമ്മ പദ്ധതി ആസൂത്രണം ചെയ്ത് വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. 2013 ഏപ്രിൽ 1 മുതൽ 10 വരേയും മേയ് 13 മുതൽ 25 വരേയും സംസ്ഥാനത്തുടനീളം രാവിലെ 06.30 മുതൽ 10.30 വരേയും വൈകുന്നേരം 04.30 മുതൽ 06.30 വരേയും തിരക്കേറിയ കവലകളിൽ പോയിന്റ് ഡ്യൂട്ടിയ്ക്കായി ഇൻസ്പെക്ടർമാരെ നിയോഗിച്ചുള്ള രണ്ട് പ്രോഗ്രാമുകൾ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. യാത്രക്കാർ കൂടുതലായി എത്തിച്ചേരുന്ന പ്രധാന കേന്ദ്രങ്ങളിലെ സ്റ്റോപ്പുകളിൽ ബസ് നിർത്തിച്ച് ഓരോ ബസ്സിലും പരമാവധി യാത്രക്കാരെ കയറ്റി വിട്ട് യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനവും കോർപ്പറേഷന് വരുമാന വർദ്ധനവും ലക്ഷ്യമിട്ടാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ 156 കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത് അവിടങ്ങളിൽ ഇൻസ്പെക്ടർമാരെ വിന്യസിപ്പിച്ച് നടപ്പാക്കിയ പദ്ധതിയ്ക്ക് കോർപ്പറേഷന് |

| | | | |
|---|---|---|---|
| | | | വരുമാന വർദ്ധനവ് ഉണ്ടാക്കിയ തോടൊപ്പം പൊതുജനങ്ങളിൽ നിന്നും പ്രശംസനീയമായ പ്രതികരണവും ലഭി ക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശ ങ്ങൾ നൽകാമോ; | (ബി) | മറ്റ് വാഹനങ്ങൾക്ക് ട്രാഫിക് തടസ്സം ഉണ്ടാക്കാതെ ദീർഘദൂര സർവ്വീസുകളിൽ പരമാവധി യാത്രക്കാരെ കയറ്റിയ യയ്ക്കുക, യാത്രക്കാർ കുറവുള്ള ഓർഡിനറി ഹ്രസ്വദൂര ബസ്സുകൾ പരമാവധി മൂന്നു മിനിട്ട് വരെ സ്റ്റോപ്പുകളിൽ നിർത്തിയിട്ട് പരമാവധി യാത്രക്കാരെ കയറ്റി വിടുക, കോൺവോയ് ഒഴിവാക്കി റൂട്ടിൽ ഇടവിട്ട സമയങ്ങളിൽ സർവ്വീസ് ഉറപ്പാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. പദ്ധതി നടപ്പാക്കി യതു മൂലം യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യാനും കോർപ്പറേഷന് കൂടുതൽ വരുമാനം ഉണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | പരമാവധി യാത്രക്കാരെ ബസു കളിൽ കയറ്റി വരുമാനം വർദ്ധിപ്പി ക്കാൻ കോർപ്പറേഷൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെ ടുത്തിയിരിക്കുന്നത് വിശദാംശങ്ങ ൾ എന്തെല്ലാം; | (സി) | ഓരോ സ്റ്റോപ്പിൽ നിന്നും പരമാവധി യാത്രക്കാരെ ബസ്സിൽ കയറ്റിയയയ്ക്കുക യാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. യാത്രക്കാർ കുറവുള്ള ബസുകൾ സ്റ്റോപ്പു കളിൽ പിടിച്ചിടുന്നതു മൂലം കോൺ വോയ് ഒഴിവാക്കുന്നതോടൊപ്പം കോർപ്പ റേഷൻ സർവ്വീസുകളുടെ ഗ്യാപ്പിൽ സർവ്വീസ് നടത്തുന്നതിന് പാരലൽ സർവ്വീസുകൾക്ക് അവസരം ഉണ്ടാ ക്കാതെ പരമാവധി യാത്രക്കാരെ കെ.എസ്.ആർ.ടി.സി ബസ്സിലേയ്ക്ക് ആകർഷിക്കാനും കഴിയും. സ്റ്റോപ്പുകളി ലെ ഇൻസ്പെക്ടർമാരുടെ സാന്നിധ്യം സ്റ്റോപ്പുകളിൽ ബസ് നിറുത്തുമെന്ന |

| | | | |
|---|---|---|---|
| | | | വിശ്വാസം യാത്രക്കാരിൽ ഉണ്ടാക്കുകയും സമാന്തര സർവ്വീസിൽ കയറുന്നതിൽ നിന്നും അവരെ പിന്തിരിപ്പിക്കുകയും ചെയ്യും. |
| (ഡി) | പ്രസ്തുത പദ്ധതി എല്ലാ സ്ഥലങ്ങളിലും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (ഡി) | ഇൻസ്പെക്ടർമാരുടെ കുറവ് മൂലം പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഇൻസ്പെക്ടർമാരുടെ എണ്ണം വർദ്ധിപ്പിച്ചും ഇതര ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തിയും എല്ലാ സ്ഥലങ്ങളിലും പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ